"അതേ...കൽക്കത്തേന്ന് പോരുമ്പോഴേ കുറച്ച് കമ്പിളിപുതപ്പ് വാങ്ങിക്കൊണ്ടു പോരാമോ?"

"ഹലോ കേൾക്കുന്നില്ല..."

"ഹലോ..ഗോപാലകൃഷ്ണാ...
കമ്പിളിപുതപ്പ്... കമ്പിളിപുതപ്പ്..."

സിനിമാപ്രേമികൾ നിറഞ്ഞ കയ്യടിയോടെ സ്വീകരിച്ച "റാംജിറാവ് സ്പീകിംഗ്" എന്ന ചിത്രത്തിലെ ഈ രംഗം ഓർക്കാത്ത ഒരു സിനിമാപ്രേമിയും ഉണ്ടാവില്ല. അതുപോലെ ആ രംഗത്തിലെ നായകനെയും ആ മേട്രൺ ചേച്ചിയെയും.
നിരവധി സിനിമകളിൽ കോറിയോഗ്രാഫി ചെയ്യുകയും പപ്പയുടെ സ്വന്തം അപ്പൂസ്, ലൈഫ് ഈസ് ബ്യൂട്ടിഫുൾ തുടങ്ങി നിരവധി ചിത്രങ്ങളിൽ ചെറുവേഷങ്ങൾ ചെയ്യുകയും ചെയ്തിട്ടുള്ള നൃത്താദ്ധ്യാപിക ശ്രീമതി അമൃതം ഗോപിനാഥിന്റെ കൊച്ചുമകളും നൃത്തത്തിൽ അമ്മുമ്മയെ റോൾ മോഡലും ആക്കിയ ഒരാളാണ് ഇന്നത്തെ നമ്മുടെ ദളത്തെ സമ്പുഷ്ടമാക്കുന്നത്.

പാർവതികൃഷ്ണ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർ ബി ഓ 2,
തിരുവനന്തപുരം.

വൈക്കം ഉല്ലല സ്വദേശിയും മനോരമ പത്രത്തിലെ പ്രൂഫ് റീഡറും ആയിരുന്ന ശ്രീ മുരളീകൃഷ്ണന്റെയും ആലപ്പുഴ കളർകോട് സ്വദേശിനിയും തിരുവനന്തപുരം സെന്റ് മേരീസ് സെൻട്രൽ സ്കൂളിലെ നൃത്താദ്ധ്യാപികയും ആയിരുന്ന സംഗീതാമേനോന്റെയും മകളായ പാർവതിയുടെ കുട്ടിക്കാലം അച്ഛന്റെയും അമ്മയുടെയും ജോലി സ്ഥലമായിരുന്ന തലസ്ഥാനനഗരിയിൽ ആയിരുന്നു.

അമ്മ അദ്ധ്യാപികയായ പൂജപ്പുര സെന്റ് മേരീസ് സെൻട്രൽ സ്കൂളിൽ ആയിരുന്നു പന്ത്രണ്ടാം ക്ലാസ്സ് വരെ പാർവതിയുടെ സ്കൂൾ വിദ്യാഭ്യാസം.

കുട്ടിക്കാലം മുതൽ അമ്മുമ്മയിൽ നിന്നും അമ്മയിൽ നിന്നും നൃത്തം അഭ്യസിച്ചു എങ്കിലും സ്കൂളിൽ കലാമത്സരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാതിരുന്നത് കൊണ്ട് മത്സരങ്ങളിൽ ഒന്നും അധികം പങ്കെടുത്തിരുന്നില്ല.എങ്കിലും ഇടക്കെപ്പോഴോ ഒരു സി ബി എസ് ഇ കലോത്സവത്തിൽ മോഹിനിയാട്ടത്തിന് പങ്കെടുത്തതും സമ്മാനം നേടിയതും നിറമുള്ള ഒരോർമയാണ്.

പന്ത്രണ്ടാം ക്ലാസ്സിന് ശേഷം പാർവതി ആലപ്പുഴ എസ് ഡി കോളേജിൽ

രസതന്ത്രവിദ്യാർത്ഥിനി ആയി. ഇഷ്ടം ഏറെയുള്ള വിഷയം. പഠനത്തിൽ ആയിരുന്നു ശ്രദ്ധയെങ്കിലും യൂണിവേഴ്സിറ്റി യുവജനോത്സവങ്ങളിൽ നിരവധി ഗ്രൂപ്പ് ഇനങ്ങളിൽ പാർവതി സജീവമാകുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു.
സമൂഹനൃത്തം തിരുവാതിര തുടങ്ങിയ ഇനങ്ങളിൽ അന്ന് ഒന്നാം സമ്മാനം നേടിയ കഥ പറയുമ്പോൾ വല്ലാത്ത ഒരു സന്തോഷം ആയിരുന്നു പാർവതിയുടെ വാക്കുകളിൽ.

ബിരുദപഠനം സർവകലാശായിൽ നിന്നും രണ്ടാം റാങ്കോടെയാണ് പൂർത്തിയാക്കിത്തത്. അത് കൊണ്ട് തന്നെ തിരുവനന്തപുരത്ത് കേരളസർവകലാശാല ക്യാമ്പസ്സിൽ എം എസ്സ് സി ക്ക് പ്രവേശനം നേടുമ്പോൾ അക്കാദമിക്ക് മേഖലയിൽ പ്രവേശിക്കുന്നതേക്കുറിച്ച് ഏറെ സ്വപ്നങ്ങളായിരുന്നു.

നൃത്തത്തിന് ചെറിയ ഒരിടവേള നൽകി ബിരുദാനന്തരബിരുദം പൂർത്തിയാക്കി സിങ്കപ്പൂരിൽ ഒരു കോളേജിൽ മൃദംഗം പ്രൊഫസർ ആയിരുന്ന അമ്മാവന്റെ സഹായത്തോടെ സിങ്കപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റിന് പ്രവേശനം നേടാൻ ശ്രമിക്കുന്നതിനിടയിൽ നേരിടേണ്ടി വന്ന കാലതാമസം ആണ് ജീവിതത്തിന്റെ ഗതി മാറ്റിയത്. ബാങ്ക് പരിശീലനത്തിന് പേര് കേട്ട കൊല്ലത്തെ ഐ സി ഡി എസിലെ പരിശീലനം നൽകിയത് ഈ മേഖലയിൽ നിരവധി അവസരങ്ങളാണ്.

ആദ്യം നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിൽ പ്രൊബേഷനറി ഓഫീസർ ആയി. ഒന്നര മാസം പിന്നിടുമ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ക്ലറിക്കൽ നിയമനം.അധികം നീളും മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രൊബേഷനറി ഓഫീസർ. ആദ്യനിയമനം 2010ൽ പരിശീലനം നേടിയ കൊല്ലത്ത് തന്നെ.

ആ ബാച്ചിൽ ജീവിതത്തിലേക്കുള്ള കൂട്ടും കിട്ടി പാർവതിക്ക്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ തന്നെ ഉണ്ണികൃഷ്ണൻ 2012ൽ പാർവതിയുടെ ജീവിതത്തിന്റെ താളമായിചേർന്നു.

വിവാഹസമയത്ത് തൃശ്ശൂർ ജോലി ചെയ്തിരുന്ന ഉണ്ണികൃഷ്ണനും പാർവതിയും തുടർന്ന് എറണാകുളത്തേക്ക് സ്ഥലം മാറ്റം വാങ്ങി.
2016ൽ ഇരുവരും തലസ്ഥാനനഗരിയിൽ എത്തി. ഇപ്പോൾ പാർവതി ആർ ബി ഓ യിലും ഉണ്ണി എൽ എച്ച് ഓയിലും സേവനം അനുഷ്ഠിക്കുന്നു.
ഈ ദാമ്പത്യവല്ലരിയിൽ പൂവിട്ട രണ്ട് കുസുമങ്ങളിൽ ഒന്നായ ദേവ് മൂന്നാം ക്ലാസ്സ് വിദ്യാർഥിയാണ്. ധ്രുവ് രണ്ട് വയസ്സുകാരനും. ഇവരുടെ കുസൃതികളും ബഹളങ്ങൾക്കുമിടയിൽ നൃത്തത്തെ വേണ്ട പോലെ ചേർത്ത് പിടിക്കാൻ കഴിയുന്നില്ല എങ്കിലും കിട്ടുന്ന ഒഴിവ് നേരങ്ങൾ തന്റെ പ്രിയപ്പെട്ട നൃത്തം, സംഗീതം, ചിത്രരചന ഇതൊക്കെ

തേച്ചുമിനുക്കാനുള്ള ശ്രമത്തിലാണ് ഇപ്പോൾ പാർവതി.
ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പ് അതിനുള്ള ഊർജം നൽകുന്നുണ്ടെന്ന്
പറയുമ്പോൾ വാക്കുകളിൽ സ്നേഹം നിറഞ്ഞുതുളുമ്പി.

ബാങ്ക് സംഘടിപ്പിച്ച സർഗോത്സവത്തിൽ രണ്ട് തവണയും തന്റെ
പങ്കാളിത്തം ഉറപ്പ് വരുത്തിയിരുന്നു പാർവതി. ആദ്യ സർഗോത്സവത്തിൽ
തിരുവാതിരക്കൊപ്പം അമ്മ തന്നെ ചിട്ടപ്പെടുത്തിയ സമൂഹനൃത്തത്തിന്
കൂടി സമ്മാനം നേടാൻ കഴിഞ്ഞത് വലിയ അനുഗ്രഹം എന്ന് പാർവതി.

കായിക ഇനങ്ങളിലാണ് താല്പര്യം എങ്കിലും തന്റെ
കലാപ്രവർത്തനങ്ങൾക്ക് ഉണ്ണി പൂർണപിന്തുണ നൽകാറുണ്ടെന്ന്
പാർവതി. എൺപത്തിനാലാം വയസ്സിലും ചുറുചുറുക്കോടെ കുട്ടികളെ
നൃത്തം പഠിപ്പിക്കുന്ന അമ്മുമ്മയും സംഗീതത്തിന്റെ ബാലപാഠങ്ങൾ
പഠിപ്പിച്ച
സംഗീതാദ്ധ്യാപിക കൂടിയായ അമ്മയും വാട്ടർ അതോറിറ്റിയിൽ നിന്നും
ചീഫ് എഞ്ചിനീയർ ആയി വിരമിച്ച ഭർതൃമാതാവ് ഗിരിജാകുമാരിയും
നൽകുന്ന പിന്തുണയും ഊർജവും ഏറെ മുന്നോട്ട് പോകാൻ തന്നെ
സഹായിക്കും എന്ന് പാർവതി വിശ്വസിക്കുന്നു.

സംഗീതവും ചിത്രമെഴുത്തും നൃത്തവും മെഹന്ദി ആർട്ടും ഒക്കെയായി
പാർവതിയുടെ കലാജീവിതം സമ്പുഷ്ടമാകട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ്
കുടുംബം ഹൃദയപൂർവം ആശംസിക്കുന്നു.

----------------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ്
ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ഇരിങ്ങാലക്കുട ടൗൺ ശാഖ, തൃശൂർ

----------------------------------------------------------------------------------------------------

There is no way any movie buff, including contemporaries, can disregard the snippet from the movie 'Ramji Rao Speaking' in which the lady who played the role of matron could be seen conversing with the actor who played Gopala Krishnan.

"When you get back from Calcutta,would you buy a blanket"?

"Pardon ..."You are inaudible".."You are inaudible"..Retorted the actor.

"Hello…..blanket.. "When you get back from Calcutta,would you buy a blanket"? Reiterated the lady.

Let's get to know,this week, more about a banker who is the grand daughter of Smt. Amritham Gopinath, a dance teacher and a renowned choreographer who has sporadically showed up in many movies including Pappayude Swantham Appus and Life is Beautiful.

Parvathi Krishna,
State Bank of India,
RBO2, Thiruvananthapuram.

Parvathi was born to Shri Murali Krishnan,a native of Ullala, in Vaikom who worked as a proof reader for the Manorama newspaper, and Smt Sangeetha Menon, a native of Kalarkode in Alappuzha, who was a dance teacher at St. Mary's Central School in Thiruvananthapuram, where Parvathy spent her childhood. Parvathi learned dance from her grandmother and mother from a tender age, but did not partake in any competitions at school due to lack of ample opportunities.

Having completed class XII, Parvathy joined SD College,Alappuzha, where she earned her degree in Chemistry.Although she prioritised her focus on studies, she used to participate in various group events at the University Youth Festival and won prizes including first prize in group dance and Thiruvathira competitions. She graduated from the university with a second rank in chemistry.When she enrolled for pursuing MSc in University College Thiruvananthapuram,she envisioned venturing into academia.

After earning her PG,she nearly gave up dancing and sought to take admission in National University of Singapore with the help of her uncle, an associate professor of Mridangam in a college in Singapore.A delay that ensued unfurled a radical shift in the trail of her life.

She took coaching for bank exam at ICD in Kollam, a well known training centre for banking aspirants and started off her career as a Probationary Officer in North Malabar Gramin Bank.She got appointment as a clerk in State Bank of India after one and a half months. Not long after, she started working as Probationary Officer,her first assignment being at Kollam.

Parvathy married Unnikrishnan who joined State Bank of India in the same batch. They were working in Thrissur when they got married in 2012, but later relocated to Ernakulam.

In 2016, they moved to Trivandrum where Parvathy has now been working in RBO and Unnikrishnan in LHO. They have two children- Dev, a third grade student and two years old Dhruv.

Parvathy spends her spare time honing her talents in dance, music and painting. She took part in the Sargotsavam organized by the bank twice. Parvathy recounts with joy how blissful it was to win prize for the group dance choreographed by her mother along with Thiruvathira at the first Sargotsavam.

Despite the fact that Parvathy is more interested in athletics, she opines that her better half serves as the pillar of support in all of her endeavours. Her grandmother, who is aged 84 and nevertheless teaches dance, her mother, who taught her the first lessons of music, and her

mother-in-law, Smt.Girija Kumari, who retired as Chief Engineer from the Water Authority, all inspire her to keep going in her inventive artistic pursuits.

Talented Bankers Community wishes Parvathy a prolific career ahead in music, painting, dance, and mehendi art.